"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമവകുപ്പ്- ഹെൽത്ത് സർവീസസ് ജീവനക്കാര്യം- കണ്ണൂർ ജില്ലയിൽ മട്ടന്നൂർ സാമൂഹികാരോഗ്യകേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. സീന ഭാസ്കർ ബി.എസ്. ഫയൽ ചെയ്ത OA.No. 1526/2021 നമ്പർ കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 11/09/2024 തീയതിയിലെ വിധി അനുപാലനം ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (സി ) വകുപ്പ്**

സ.ഉ.(സാധാ) നം.264/2025/H&FWD തീയതി,തിരുവനന്തപുരം, 30-01-2025

പരാമർശം:-

1. ശ്രീമതി. സീന ഭാസ്കർ ബി.എസ് സമർപ്പിച്ച 07/01/2006, 20/07/2006, 15/10/2008, 14/10/2014, 25/11/2020 തീയതികളിലെ അനുബന്ധം A5, A5(a) A5(b) A5(d),A5(f) ) നിവേദനങ്ങൾ
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA. 1526/2021 നമ്പർകേസിന്റെ 11/09/2024 തീയതിയിലെ അന്തിമ ഉത്തരവ്
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 22 -10-2024 തീയതിയിലെ എഫ്.ഡബ്ലിയു .എ 4 -/22232/2024/ആ വ ..ഡ നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിൽ മട്ടന്നൂർ സാമൂഹികാരോഗ്യകേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. സീന ഭാസ്കർ ബി.എസ് തന്റെ പ്രൊവിഷണൽ സർവീസ് പരിഗണിച്ച് 07/10/1996 പ്രാബല്യത്തിൽ റഗുലറൈസ് ചെയ്ത് നാലാം എതിർകക്ഷിയായ ശ്രീമതി. ഗീതാകുമാരിയുടെ മുകളിൽ 1996 പ്രാബല്യത്തിൽ സീനിയോറിറ്റി നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം പ്രകാരം സർക്കാരിൽ നിവേദനങ്ങൾ നൽകുകയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA.No. 1526/2021 നമ്പറായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു.ശ്രീമതി. ഗീതാകുമാരിയും ശ്രീമതി.സീന ഭാസ്കറും 1996 -ൽ താത്കാലിക സേവനത്തിൽ പ്രവേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ശ്രീമതി. സീന ഭാസ്കർ ബി.എസ് തന്റെ പ്രൊവിഷണൽ സർവീസ് പരിഗണിച്ച് 07/10/1996 പ്രാബല്യത്തിൽ റഗുലറൈസ് ചെയ്ത് നാലാം എതിർകക്ഷിയായ ശ്രീമതി. ഗീതാകുമാരിയുടെ മുകളിൽ 1996 പ്രാബല്യത്തിൽ സീനിയോറിറ്റി നൽകണമെന്ന് ആവശ്യപ്പെട്ടത്.

2.ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA. 1526/2021 നമ്പർ കേസിന്റെ പരാമർശം (2) പ്രകാരമുള്ള അന്തിമ വിധിന്യായത്തിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ ശ്രീമതി. സീന ഭാസ്കർ ബി.എസ്. -ന്റെ Annexure-A5 നിവേദനങ്ങൾ പരിഗണിച്ച്, പരാതിക്കാരിയെയും മറ്റ് കക്ഷികളെയും നേരിൽ കേട്ട് കോടതി ഉത്തരവ് കിട്ടി നാല് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

3. പരാമർശം (2) പ്രകാരമുള്ള കോടതിയുത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരിയെയും നാലാം എതിർകക്ഷിയായ ശ്രീമതി. ഗീതാകുമാരിയുടെ വക്കാലത്തുമായി വന്ന വക്കീലിനെയും നേരിൽ കേട്ടിരുന്നു. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഹാജരായിരുന്നു.

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം 1958-ലെ കെ.എസ്സ് &എസ്സ് .എസ്സ് .ആർ Part II ചട്ടം (9) (a ) (1) പ്രകാരം ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ താൽക്കാലികമായി ജോലിയിൽ പ്രവേശിച്ച ശ്രീമതി. സീന ഭാസ്കർ ബി.എസ്-ന് പി.എസ്.സി. മുഖേന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ 27.01.2001 -ൽ സ്ഥിരനിയമനം ലഭിച്ചു. 30.09.2005-ലെ G.O(MS) നമ്പർ.246/2005/H&FWD പ്രകാരം PSC യുടെ അഡ്വൈസ് തീയതി കണക്കാക്കിയാണ് സ്ഥിരം സർവീസിൽ പ്രവേശിച്ചവരായി കണക്കാക്കുന്നത്. പി.എസ്.സി മുഖേന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ 27.01.2001 -ൽ സ്ഥിരനിയമനം ലഭിച്ച ശ്രീമതി. സീന ഭാസ്കർ ബി.എസ്-ന്റെ സീനിയോറിറ്റി 27.01.2001 പ്രാബല്യത്തിലും ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്ഥിരനിയമനം ലഭിച്ച ശ്രീമതി.ഗീതാകുമാരിയുടെ സീനിയോറിറ്റി 18/10/1996 പ്രാബല്യത്തിലുമാണ്.

5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള റിപ്പോർട്ടിന്റേയും, 11/09/2024 തീയതിയിലെ കോടതി ഉത്തരവിന്റെയും നിലവിലുള്ള സർവീസ് ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു 1958-ലെ KS&SSR റൂൾസ് ഭാഗം IIചട്ടം (9) (എ) (1) പ്രകാരം ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് Gr II ആയി നിയമിതരാവുകയും പിന്നീട് പി.എസ്.സി നിയമനം ലഭിച്ചതിന്റെ ഫലമായി സ്ഥിരം സർവീസിലേക്ക് പ്രവേശിക്കുകയും ചെയ്ത 17 താൽക്കാലിക ജീവനക്കാർ ടിയാളുകളുടെ പുനർനിയമനത്തിനും സേവനം ക്രമീകരിക്കുന്നതിനുമായി വിവിധ സിവിൽ അപ്പീലുകൾ ഫയൽ ചെയ്തിരുന്നു. ബഹു: സുപ്രീം കോടതിയുടെ 11/ 07/2001 തീയതിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാനത്തിൽ അവരെ സർവീസിൽ തിരിച്ചെടുക്കുകയും സീനിയോറിറ്റി നിശ്ചയിക്കുകയും താൽക്കാലിക സേവന കാലം സേവന ആനുകൂല്യങ്ങൾക്കായി കണക്കാക്കുകയും ചെയ്തിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് ടി അപ്പീലുകളിലെ ഹർജിക്കാർക്ക് മാത്രമേ ബാധകമാകൂ എന്നും കീഴ്വഴക്കം ആകാൻ പാടില്ല എന്നും ഉത്തരവിൽ പ്രത്യേകം പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. സിവിൽ അപ്പീലുകളിലെ 17 പേരിൽ ഗീതാകുമാരിയും ഉൾപ്പെടുന്നത് കൊണ്ട് ടീയാൾക്കും സ്ഥിരനിയമനം നൽകി സീനിയോറിറ്റി നിശ്ചയിക്കുകയും താൽക്കാലിക സേവന കാലം സേവന ആനുകൂല്യങ്ങൾക്കായി കണക്കാക്കുകയും ചെയ്തിട്ടുണ്ട്. 1958 ലെ KS&SSR റൂൾസ് ഭാഗം II ചട്ടം (9) (എ) (1) പ്രകാരം 01.10.1994 -ന് ശേഷം താൽക്കാലിക സേവനത്തിൽ പ്രവേശിച്ച ജീവനക്കാരുടെ താൽക്കാലിക സേവനകാലം സർവീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന് 30.09.1994 തീയതിയിലെ GO(P നമ്പർ 540/1994/Fin ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

6. സുപ്രീം കോടതി വിധിയനുസരിച്ച് ആ കേസുകളിൽ കക്ഷികളായിരുന്ന 17 പേർക്കാണ് സർക്കാർ സ്ഥിരനിയമനം നൽകി ഉത്തരവായത്. 17 പേരിൽ ഗീതാകുമാരിയും ഉൾപ്പെടുന്നത് കൊണ്ട് ടീയാൾക്കും സ്ഥിരനിയമനം നൽകി, 18/10/1996 മുതൽ 480 A ആയി ഗീതാകുമാരിയുടെ സീനിയോറിറ്റി ഫിക്സ് ചെയ്തത്. പിഎസ്സി വഴി നിയമനം ലഭിച്ചവർക്ക് ഇത് ബാധകമല്ല. പി.എസ്. സി മുഖേന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ 27.01.2001 -ൽ

സ്ഥിരനിയമനം ലഭിച്ച ശ്രീമതി. സീന ഭാസ്കർ ബി.എസ്-ന്റെ താൽക്കാലിക സേവനകാലം ഇത്തരത്തിൽ ക്രമീകരിച്ച് നൽകാനും വ്യവസ്ഥയില്ല. പി.എസ്.സി മുഖേന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ 27.01.2001 -ൽ സ്ഥിരനിയമനം ലഭിച്ച ശ്രീമതി. സീന ഭാസ്കർ ബി.എസ്-ന്റെ സീനിയോറിറ്റി PSC യുടെ അഡ്വൈസ് തീയതി കണക്കാക്കി മാത്രമേ നിശ്ചയിക്കാൻ സാധിക്കൂ. നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ വെളിച്ചത്തിലും ശ്രീമതി.സീന ഭാസ്കർ-ന്റെ Annexure-A5 നിവേദനങ്ങൾ പരിഗണനാർഹമല്ല .

7. മേൽ സാഹചര്യത്തിൽ ശ്രീമതി. സീന ഭാസ്കർ ബി.എസ് സർക്കാരിൽ സമർപ്പിച്ച Annexure-A5 നിവേദനങ്ങൾ നിരസിക്കുന്നു. ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 11/09/2024 തീയതിയിലെ അന്തിമ ഉത്തരവ് അനുപാലനം ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )
ശ്രീമതി. സീന ഭാസ്കർ ബി.എസ്,ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-I,
ഗജാനനം, പുന്നാട് പി.ഓ , ഇരിട്ടി (via), കണ്ണൂർ - 670703
ശ്രീമതി. ഗീതാകുമാരി, പബ്ലിക് ഹെൽത്ത് നഴ്സ് ,പ്രാഥമികാരോഗ്യ കേന്ദ്രം, പുഴാതി, കണ്ണൂർ- 670005
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) (എ&ഇ) കേരള,തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
സെക്ഷൻ ഓഫീസർ
Date: 31-01-2025 11:13:16